## തിരുവനന്തപുരം സിറ്റി പോലീസ്

## പത്രക്കുറിപ്പ്

# മോഷണബൈക്കിൽ കറങ്ങി നടന്ന് മേഷണം: രണ്ട് കുപ്രസിദ്ധ മോഷ്ടാക്കൾ പിടിയിൽ

# കട കുത്തിത്തുറന്നു മോഷണം : പ്രതി പിടിയിൽ

## കോവിഡ്-19

# വിലക്ക് ലംഘനം: 241 പേർക്കെതിരെ നിയമനടപടി 41,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- മോഷണം ചെയ്തെടുത്ത ബൈക്കുമായി കറങ്ങി നടന്ന് വീണ്ടും മോഷണം നടത്തുന്ന കുപ്രസിദ്ധ മോഷ്ടാക്കളെ സിറ്റി പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മണക്കാട് കാലടി തളിയൽ തോപ്പിൽ വീട്ടിൽ പരുന്ത് അനി എന്നു വിളിക്കുന്ന അനിൽകുമാർ(36), ഉളിയാഴ്ത്തുറ പൗഡിക്കോണം പാണൻവിള ബിന്ദു ഭവനിൽ ബ്രൂസിലി ബിജു എന്നു വിളിക്കുന്ന ബിജു (42) എന്നിവരെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ദിവസം രാത്രി മെഡിക്കൽ കേളേജ് ചാലക്കുഴി ലെയിനിൽ സംശയാസ്പദമായ സാഹചര്യത്തിൽ ബൈക്കുമായി ഇരുട്ടിൽ മറഞ്ഞു നിന്ന പ്രതികളെ പോലീസ്



മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്ത അനിൽകുമാർ @ പരുന്ത് അനി (36), ബിജു @ ബ്രൂസിലി ബിജു (42)

നൈറ്റ് പട്രോളിംഗ് പാർട്ടി ചോദ്യം ചെയ്യവേ ബൈക്ക് ഉപേക്ഷിച്ച് ഓടി രക്ഷപ്പെടാൻ ശ്രമിക്കുകയായിരുന്നു. പിൻതുടർന്ന പോലീസ് സംഘം ബലപ്രയോഗത്തിലൂടെ ഇരുവരേയും കീഴ്പ്പെടുത്തുകയായിരുന്നു. സ്റ്റേഷനിൽ എത്തിച്ച് ചോദ്യം ചെയ്തതിൽ പ്രതികളുടെ കൈവശമുണ്ടായിരുന്ന പൾസർ ബൈക്ക് വിളപ്പിൽശാല പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും മോഷ്ടിച്ചതാണെന്ന് സമ്മതിച്ചിട്ടുണ്ട്.

കൂടുതൽ ചോദ്യം ചെയ്തതിലും മറ്റന്വേഷണങ്ങൾ നടത്തിയതിലും ഇരുവരും ചേർന്ന് സമീപകാലത്ത് തിരുവനന്തപുരം സിറ്റിയിലും റൂറലിലുമായി വിവിധ സ്റ്റേഷൻ പരിധികകളിൽ നടത്തിയ മറ്റ് അഞ്ച് മോഷണങ്ങൾ കൂടി നടത്തിയതായി തെളിഞ്ഞിട്ടുണ്ട്. ചെമ്പഴന്തി അഗ്രി ഇംപ്രൂവ്മെൻറ് സൊസൈറ്റിയുടെ കീഴിലുള്ള നീതി സ്റ്റോറിൽ പൂട്ട് പൊളിച്ച് കടന്ന് 15000 കവർച്ച ചെയ്തതും, നെടുമങ്ങാട് അഴീക്കോട് സപ്ലൈകോ മാർക്കറ്റിന്റെ ഷട്ടർ ലോക്ക് പൊട്ടിച്ച് കയറി സാധനങ്ങൾ മോഷണം നടത്തിയതും, ശ്രീകാര്യം ഇടവക്കോട് സ്വദേശി സുനിലിന്റെ പൾസർ ബൈക്ക് മോഷ്ടിച്ചതും, അരുവിക്കര സ്റ്റേഷൻ പരിധിയിലെ അഴീക്കോട് മുസ്ലീം പള്ളിക്കു സമീപം നന്ദന ഫൈനാൻസ് കുത്തിത്തുറന്ന് 75650 രൂപ കവർച്ച ചെയ്തതും, പൂജപ്പുര സ്റ്റേഷൻ പരിധിയിലെ വലിയവിളയിൽ നിന്നും ഒരു ബൈക്ക് മോഷണം ചെയ്തെടുത്തതും ബിജുവും അനിയും ചേർന്നാണെന്ന് അന്വേഷണത്തിൽ തെളിഞ്ഞതായി കമ്മീഷണർ അറിയിച്ചു. വിവിധ ജില്ലകളിലായി മോഷണം, മാലപിടിച്ചുപറി, കഞ്ചാവ് വിൽപ്പന തുടങ്ങിയ 200-ൽപ്പരം കേസുകളിൽ പ്രതികളായിട്ടുള്ള ഇരുവരും ഗുണ്ടാ നിയമപ്രകരം പല തവണ കരുതൽ തടങ്കലിൽ കഴിഞ്ഞിട്ടുണ്ട്. എസ് എച്ച് ഓ, പി. ഹരിലാൽ, എസ് ഐ

പ്രശാന്ത്, എ എസ് ഐ സാബു, എസ് സി പി ഓ രഞ്ജിത്ത്, സി പി ഓ മാരായ വിനീത്, പ്രതാപൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## കട കുത്തിത്തുറന്നു മോഷണം : പ്രതി പിടിയിൽ

വഞ്ചിയൂർ സൗഹൃദം സൂപ്പർ സ്റ്റോറിൽ നിന്നും 15,000 രൂപയും സാധനങ്ങളും മോഷ്ട്ടിച്ച കേസിലെ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മുട്ടത്തറ വില്ലേജിൽ ബീമാപള്ളി ജവഹർ പള്ളിയ്ക്ക് സമീപം കോളനി റോഡിൽ ഷെമീറ മൻസിൽ ദീന എന്ന് വിളിക്കുന്ന നസറുദ്ദീൻ ഷാ (31)യെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്തത്. പേട്ട തീയറ്റർ റോഡിലുള്ള സൗഹൃതം സൂപ്പർ സ്റ്റോറിൽ കഴിഞ്ഞ 20തിയതി രാത്രി പൂട്ട് പൊളിച്ച് കയറിയാണ് ഇയാൾ മോഷണം നടത്തിയത്. തുടർന്ന് ലഭിച്ച സൂചനകളുടെ അടിസ്ഥാനത്തിൽ പോലീസ് നടത്തിയ അന്വേഷണത്തിലാണ് ഇയാൾ പിടിയിലായത്. ഇയാൾക്കെതിരെ വിവിധ ജില്ലകളിലായി നിരവധി മോഷണം, പിടിച്ചുപറി, കവർച്ച കേസുകൾ നിലവിലുണ്ട്. വഞ്ചിയൂർ എസ് എച്ച് ഓ എസ്. ആർ നിസാം, എസ് ഐ ടി. ഉമേഷ്, എ എസ് ഐ അനിൽകുമാർ, സി പി ഓ മാരായ രാജേഷ്, നവീൻ, ശിവപ്രസാദ്, ശരത്ത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.



വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്ത നസറുദ്ദീൻ ഷാ @ ദീന (31)

## കോവിഡ്-19 സുരക്ഷ- കേസ് വിവരം

കോവിഡ് സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ഇന്നലെ (26-10-2020) പോലീസ് നടത്തിയ പരിശോധനയിൽ വിലക്ക് ലംഘനം നടത്തിയ 241 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 24 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 189 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 16 പേരിൽ നിന്നുമായി 41,000/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 9 വാഹനങ്ങൾക്കെതിരെയും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 3 കടകൾക്കുമെതിരെ ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി

26-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

OFFICE OF THE COMMISSIONER OF POLICE * THIRUVANANTHAPURAM CITY

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി